LIBRARY ARCHIVES Kerala Legislative Assembly

ക്ഷീരസംഘങ്ങളിലെ ജീവനക്കാരുടെ ശമ്പളപരിഷ്കരണ കമ്മിറ്റി

72 (1471) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ഷീര സംഘങ്ങളിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടപ്പിലാക്കാൻ നിയോഗിച്ച കമ്മിറ്റിയുടെ പ്രവർത്തനം വിശദമാക്കാമോ ;

(ബി) പ്രസ്തുത കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ ;

(സി) ജീവനക്കാരുടെ ശമ്പള പരിഷ്കരണം എന്ന് മുതൽ പ്രാബല്യത്തിൽ വരുമെന്നറിയിക്കാമോ ?

ഉത്തരം

(എ&ബി) ക്ഷീരസംഘം ജീവനക്കാരുടെ ശമ്പളപരിഷ്കരണം ഉൾപ്പെടെയുള്ള വിവിധ ആവശ്യങ്ങൾ സംബന്ധിച്ച് പഠനം നടത്തുന്നതിനായി 20-8-2014-ലെ സ.ഉ.(സ)1526/14/കൃഷി ഉത്തരവ് പ്രകാരം ക്ഷീരവികസന വകുപ്പ് ഡയറക്ടർ ചെയർമാനായി ഒരു ഒമ്പതംഗ കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. 27-10-2014-ൽ കൂടിയ കമ്മിറ്റിയുടെ ആദ്യയോഗം ഈ രംഗത്ത് പ്രവർത്തിക്കുന്ന വിവിധ സർവ്വീസ് സംഘടനകൾ, ഉദ്യോഗസ്ഥർ എന്നിവരിൽനിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ച് കരട് റിപ്പോർട്ട് തയ്യാറാക്കുകയും പ്രസ്തുത കരട് റിപ്പോർട്ട് 16-2-2015-ൽ കൂടിയ കമ്മിറ്റി ചർച്ച ചെയ്യുകയും ആവശ്യമായ ഭേദഗതികൾ വരുത്തി കരട് റിപ്പോർട്ട് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സർക്കാരിൽ ലഭ്യമായിട്ടില്ല.

(സി) തീരുമാനം കൈക്കൊണ്ടിട്ടില്ല.

ക്ഷീരകർഷക ക്ഷേമനിധി

73 (1472) ശ്രീ. ബാബു എം. പാലിശ്ശേരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ഷീര കർഷക ക്ഷേമനിധിയിൽ നിലവിൽ എത്രപേർ അംഗങ്ങളായിട്ടുണ്ട്;

(ബി) ക്ഷേമനിധിയിൽ നിന്നും നിലവിൽ എത്രപേർക്ക് പെൻഷൻ നൽകി വരുന്നുണ്ട് ;

(സി) മറ്റ് എന്തെല്ലാം ആനുകൂല്യങ്ങളാണ് ക്ഷീരകർഷക ക്ഷേമനിധിയിൽ നിന്നും അംഗങ്ങൾക്ക് നൽകി വരുന്നത് ; വിശദാംശം വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2,37,985 പേർ അംഗങ്ങളായിട്ടുണ്ട്.

(ബി) 52,570 പേർക്ക് പെൻഷൻ നൽകിവരുന്നുണ്ട്.

(സി) താഴെപ്പറയുന്ന ആനുകൂല്യങ്ങൾ ക്ഷേമനിധിയിൽനിന്നും ക്ഷീരകർഷകർക്കും അവരുടെ ആശ്രിതർക്കുമായി നൽകി വരുന്നുണ്ട്.

1. കുടുംബപെൻഷൻ : - മരണമടഞ്ഞ പെൻഷണറുടെ ആശ്രിതർക്ക് കുടുംബപെൻഷൻ നൽകിവരുന്നു. ഇതുവരെ 3431 പേർക്ക് കുടുംബപെൻഷൻ അനുവദിച്ചിട്ടുണ്ട്.

2. വിവാഹ ധനസഹായം : - കേരള ക്ഷീരകർഷക ക്ഷേമനിധി അംഗങ്ങളായിട്ടുള്ള ക്ഷീരകർഷകരുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം അനുവദിക്കുന്നുണ്ട്. 31-5-2014-ലെ സ.ഉ.(സാ) നമ്പർ 950/14/കൃഷി നമ്പർ ഉത്തരവ് പ്രകാരം ടി ധനസഹായ തുക 1000 രൂപയിൽനിന്നും 5000 രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. നിലവിൽ ആകെ 5835 അപേക്ഷകർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്.

3. മരണാനന്തര ധനസഹായം : - ക്ഷീരകർഷക ക്ഷേമനിധിയിൽ അംഗത്വം എടുത്തിട്ടുള്ള കർഷകർ മരണമടയുമ്പോൾ ടിയാന്റെ ആശ്രിതർക്ക് മരണാനന്തര ധനസഹായം അനുവദിച്ചു വരുന്നു. 31-5-2014-ലെ സ.ഉ.(സാ) നമ്പർ 950/14/ കൃഷി നമ്പർ ഉത്തരവ് പ്രകാരം മരണാനന്തര ധനസഹായം 1000 രൂപയിൽനിന്നും 3000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. നിലവിൽ മരണാനന്തര ധനസഹായം 6378 പേർക്ക് അനുവദിച്ചിട്ടുണ്ട്.

4. വിദ്യാഭ്യാസ ധനസഹായം : - ക്ഷീരകർഷക ക്ഷേമനിധി അംഗങ്ങളായിട്ടുള്ള കർഷകരുടെ മക്കളുടെ വിദ്യാഭ്യാസത്തിന് ധനസഹായം അനുവദിച്ചു വരുന്നുണ്ട്. നിലവിൽ 2582 അപേക്ഷകർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്.

5. മികച്ച ക്ഷീരകർഷകനുള്ള അവാർഡ് : - ആകെ 76 കർഷകർക്ക് ഇതുവരെ ഈ ഇനത്തിൽ ധനസഹായം അനുവദിച്ചിട്ടുണ്ട്. 31-5-2014-ലെ സ.ഉ. (സാ)നമ്പർ. 950/14/കൃഷി നമ്പർ ഉത്തരവ് പ്രകാരം മികച്ച ക്ഷീര കർഷകർക്കുള്ള അവാർഡ് തുക 2000 രൂപയിൽനിന്നും 5000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

ഇതുകൂടാതെ സർക്കാരിന്റെ പ്ലാൻ ഫണ്ട് ഉപയോഗപ്പെടുത്തി ക്ഷേമനിധിയിൽ അംഗങ്ങളായ ക്ഷീര കർഷകർക്കുവേണ്ടി ഒരു സാമൂഹ്യ സുരക്ഷാ പദ്ധതിയും നടപ്പിലാക്കി വരുന്നു. ഇതനുസരിച്ച് ക്ഷേമനിധിയിൽ അംഗങ്ങളായ ക്ഷീരകർഷകർക്ക് അപകടമരണം 50,000 രൂപ, അപകടംമൂലം സ്ഥായിയായ അവശത 10,000 രൂപ, മാരകരോഗം പരമാവധി 15,000 രൂപ, പകർച്ചവ്യാധി, പാമ്പുകടി, പേവിഷബാധ 2,000 രൂപ, മാരക മുറിവുകൾ 2,000 രൂപ എന്നിങ്ങനെ ധനസഹായം നൽകി വരുന്നു. ആകെ 2629 അപേക്ഷകർക്ക് ഇതുവരെ ഇപ്രകാരം ധനസഹായം അനുവദിച്ചിട്ടുണ്ട്.